# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2512 — 19.12.2012-ൽ മറുപടിക്ക്

## സംസ്ഥാനത്തെ പ്രമേഹരോഗികളിൽ കാണുന്ന ടി. ബി. രോഗം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ലോകാരോഗ്യ സംഘടനയുടെ സർവ്വെ പ്രകാരം സംസ്ഥാനത്തെ ടി. ബി. രോഗികളിൽ ഏകദേശം 40% ത്തിലധികം പേർക്ക് പ്രമേഹം ഉണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഇല്ല. എന്നാൽ ലോകാരോഗ്യ സംഘടനയുടെ പഠനമല്ല , മറിച്ച് കേരളത്തിലെ ക്ഷയരോഗികളിലെ പ്രമേഹ സാദ്ധ്യത കണ്ടെത്തുന്നതിനായി ക്ഷയരോഗ നിയന്ത്രണ മേഖലയിൽ പ്രവർത്തിക്കുന്ന ഡോക്ടർമാർ നടത്തിയ ഫീൽഡ് പഠനത്തിൽ 552 ക്ഷയരോഗികളിൽ 44% പേർ പ്രമേഹ ബാധിതരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) സംസ്ഥാനത്തെ പ്രമേഹനിയന്ത്രണ പദ്ധതികളും ക്ഷയരോഗ നിയന്ത്രണ പദ്ധതികളും ഏകോപിപ്പിച്ച് കാര്യക്ഷമമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | ക്ഷയ രോഗ നിയന്ത്രണ പരിപാടിയുടെ ഭാഗമായി പ്രമേഹമുണ്ടെന്ന് കണ്ടുപിടിക്കുന്ന ക്ഷയരോഗികൾക്ക് കേരള സംസ്ഥാനം നടപ്പാക്കുന്ന എൻ.സി.ഡി. പദ്ധതി പ്രകാരം സൗജന്യമായി ചികിത്സാ കാലാവധി മുഴുവൻ പ്രമേഹ ചികിത്സ ലഭ്യമാക്കാനുള്ള നടപടി എടുത്തു വരുന്നു. |
| (സി) ഇത്തരത്തിലുള്ള രോഗികൾക്ക് ഉന്നത നിലവാരമുള്ള ചികിത്സ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) | ഇത്തരത്തിലുള്ള രോഗികൾക്ക് ഉന്നത നിലവാരമുള്ള ചികിത്സ ഉറപ്പാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ